DESPATCHED
On. 15/1/22.

10/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.1970 (5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 14797/SIC-G7/2020

**ഉത്തരവ് തീയതി : 10.12.2021**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ ബി.എസ്.മണിലാൽ,
എസ്സ്.ഇ.ഐ, വിനായക, പാപ്പിനിപാറ,
മഞ്ചേരി – 676 122.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695024.

2. അപ്പീൽ അധികാരി,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695024.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 31.03.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 30.04.2018 |
| ഒന്നാം അപ്പീൽ | 06.06.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 16.08.2019 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 07.09.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 10.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഓഡിയോ കോൺഫറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു

2. തെരുവ് വിളക്കുകൾ കത്തിനിൽക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 30.04.2018 ന് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 06.06.2019 ന് അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 16.08.2019 ന് തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട സ്ട്രീറ്റ് ലൈറ്റുകൾ പകൽ സമയത്ത് പ്രകാശിക്കുന്നതിന് പരിഹാരം കാണണമെന്നാണ്. ഹർജിക്കാരന്റെ ആവശ്യം പ്രശ്ന പരിഹാരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. പ്രശ്ന പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയതായി 31.08.2021 തീയതിയായി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ എസ്.പി.ഐ.ഒ വ്യക്തമാക്കിയിരുന്നു. പ്രസ്തുത സാഹചര്യത്തിൽ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് മുഖവിലയ്ക്കെടുത്തുകൊണ്ട് ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 2021 ഡിസംബർ മാസം 10-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn

STATE INFORMATION COMMISSION KERALA